(ബി) പാരമ്പര്യ ചികിത്സ നടത്തുന്ന വൈദ്യൻമാരുടെ ലൈസൻസ് പുതുക്കി നൽകേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ; ഇവർക്ക് ലൈസൻസ് പുതുക്കി നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് പ്രതിഫലം പറ്റാതെ പാരമ്പര്യ ചികിത്സ നടത്തുന്ന വൈദ്യൻമാർക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ, ബി) കേരളത്തിലെ പാരമ്പര്യ വൈദ്യൻമാർക്ക് പ്രത്യേകിച്ച് മലബാർ പ്രദേശത്ത് ഉള്ളവർക്ക് സ്വന്തം രോഗികളുടെ ചികിത്സക്ക് ആവശ്യമായ മരുന്ന് നിർമ്മിക്കുന്നതിന് എക്സൈസ് വകുപ്പിൽ നിന്നുമാണ് എൽ-3 ലൈസൻസ് നൽകി വന്നിരുന്നത്. എന്നാൽ 8-1-2003-ലെ കേരള ഹൈക്കോടതിയുടെ വിധി അനുസരിച്ച് 1953-ലെ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് നിഷ്ക്കർഷിക്കുന്ന നിശ്ചിത യോഗ്യതയുള്ളവർക്കുമാത്രമേ വൈദ്യവൃത്തിയിൽ ഏർപ്പെടാൻ യോഗ്യതയുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അക്കാരണത്താൽ നിശ്ചിത യോഗ്യതയില്ലാത്തവർക്ക് പ്രാക്ടീസ് ചെയ്യാനോ മരുന്നു നിർമ്മാണത്തിന് ലൈസൻസ് നൽകാനോ കഴിയാത്ത സാഹചര്യമുണ്ട്. പാരമ്പര്യ വൈദ്യൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി 1995-ൽ സംസ്ഥാന സർക്കാർ ഉണ്ടാക്കിയ കരട് ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടുകയും പ്രസ്തുത നിയമത്തിൽ പാരമ്പര്യ വൈദ്യന്മാർക്ക് അംഗീകാരം നൽകുന്ന വ്യവസ്ഥ പുനഃ പരിശോധിക്കാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അവർക്കുകൂടി അംഗീകാരം നൽകുന്ന വ്യവസ്ഥകൾ നിലനിർത്തി പ്രസ്തുത കരട് നിയമം സഭയിൽ അവതരിപ്പിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് എഴുത്തുകുത്തുകൾ നടന്നുവരുന്നു.

(സി) ഇക്കാര്യം പരിഗണനയിലില്ല.

ഭവന പദ്ധതി

155 [931] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ടെന്ന് പറയാമോ ;

(ബി) ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കിയ ഭവന പദ്ധതി പ്രകാരം ഇനിയും പൂർത്തിയാക്കപ്പെടാത്ത വീടുകളുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങളും പൂർത്തിയാക്കാതിരിക്കാനുള്ള കാരണങ്ങളും വെളിപ്പെടുത്താമോ ;

(സി) അപ്രകാരം പൂർത്തിയാക്കപ്പെടാത്ത വീടുകൾ എത്രയുംവേഗം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പത്തൊമ്പതിനായിരത്തി മുന്നൂറ്റി ഇരുപത്തിയൊന്ന് (19321) വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്.

(ബി) 14043 വീടുകൾ അനുവദിച്ചതിൽ 4118 വീടുകൾ പൂർത്തീകരിക്കാനുണ്ട്. വീട് പണി പൂർത്തിയാക്കി സ്റ്റേജ് സർട്ടിഫിക്കറ്റ് ഗുണഭോക്താക്കൾ നൽകാത്തതിനാലാണ് ഗഡുക്കൾ വിതരണം നടത്തി വീടുകൾ പൂർത്തീകരിക്കാൻ താമസം നേരിടുന്നത്.

(സി) അവശേഷിക്കുന്ന വീടുകളുടെ നിർമ്മാണം ഏറ്റവും വേഗത്തിൽ തീർക്കുവാൻ ഹൗസിംഗ് ബോർഡിനു നിർദ്ദേശം നൽകുന്നുണ്ട്.

പ്രത്യേക ഘടക പദ്ധതി

156 [932] ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രത്യേക ഘടക പദ്ധതി പ്രകാരം കോർപ്പസ് ഫണ്ട് പരിശീലനം, വിദ്യാഭ്യാസം, ഭവന നിർമ്മാണം, ശുദ്ധജലവിതരണം, വൈദ്യുതി, ആരോഗ്യപരിപാലനം, എന്നീ മേഖലകളിൽ 2002-03, 2003-04, 2004-05 വർഷങ്ങളിൽ ഓരോ പദ്ധതികൾക്കുമായി എന്ത് തുക ചെലവഴിച്ചു എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഓരോ പ്രോജക്ടുകൾക്കും അംഗീകാരം കൊടുക്കുന്നത് ആരാണ് എന്ന് വിശദമാക്കാമോ ;

(സി) കഴിഞ്ഞ മൂന്നുവർഷങ്ങളിലായി ഏതെല്ലാം സന്നദ്ധ സംഘടനകൾ സമർപ്പിച്ചിട്ടുള്ള ഏതെല്ലാം പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ ;

(ഡി) ഓരോ പദ്ധതികൾക്കുമായി എന്തു തുക വീതം അനുവദിച്ചിട്ടുണ്ട് ;

(ഇ) ഏതെങ്കിലും പട്ടികജാതി/പട്ടികവർഗ്ഗ സന്നദ്ധ സംഘടനകളോ വ്യക്തികളോ സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഏതെല്ലാം സംഘടനകൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) വിദ്യാഭ്യാസം, പരിശീലനം എന്നിവയ്ക്കും, ഭവനനിർമ്മാണം, ശുദ്ധജലം, വൈദ്യുതി, ആരോഗ്യ പരിപാലനം തുടങ്ങിയ അത്യാവശ്യ മേഖലകളിലും, സാമ്പത്തിക വികസന മേഖലകളിലും മുൻഗണന നൽകി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന ഒരു കോടി രൂപവരെയുള്ള പ്രോജക്റ്റുകൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly